(ബി) പുതുതായി നിയമിക്കുന്ന പോലീസുകാർക്ക് എത്രകാലത്തെ ട്രെയിനിംഗാണ് നൽകിവരുന്നത്;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് അവർക്ക് പരിശീലനം നൽകിവരുന്നത്;

(ഡി) പുതുതായി ഏർപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ ഏതൊക്കെയാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പോലീസുകാർക്ക് പരിശീലനം നൽകാൻ രണ്ടു ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്.

(1) കേരള പോലീസ് അക്കാഡമി, തൃശ്ശൂർ.

(2) പോലീസ് ട്രെയിനിംഗ് കോളേജ് തിരുവനന്തപുരം. കൂടാതെ സംസ്ഥാനത്തെ എട്ട് സായുധസേനാ ക്യാമ്പുകളിലും പോലീസുകാരുടെ ട്രെയിനിംഗ് നടത്താറുണ്ട്.

(ബി) ഒൻപതു മാസത്തെ ട്രെയിനിംഗ് നൽകിവരുന്നു.

(സി) & (ഡി) പുതുതായി ഏർപ്പെടുത്തിയ വിഷയങ്ങൾ ഉൾപ്പെടെ പരിഷ്കരിച്ച ട്രെയിനിംഗ് സിലബസ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

ആലുവ പോലീസ് സ്റ്റേഷൻ വിഭജനം

38 [2468] *ശ്രീ. കെ. മുഹമ്മദാലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ പോലീസ് സ്റ്റേഷൻ വിഭജിച്ച് രണ്ട് സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ സ്റ്റേഷൻ എന്നത്തേക്ക് തുറക്കാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)—(ഡി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിൽ 20-ാമതായി 'ആലുവ ഈസ്റ്റ്' എന്ന സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മുൻഗണനാ ലിസ്റ്റ് പ്രകാരം പോലീസ് ഡയറക്ടർ ജനറൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly